# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3784 24.06.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, സി. മമ്മൂട്ടി<br>,, കെ.എം. ഷാജി<br>,, എം. ഉമ്മർ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## നൂതന പദ്ധതികളുടെ നടപ്പാക്കൽ സംബന്ധിച്ച മോണിട്ടറിംഗിന് സംവിധാനം

| | | |
|---|---|---|
| (എ) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന നൂതന പദ്ധതികളുടെ നടപ്പാക്കൽ സംബന്ധിച്ച നിരീക്ഷണത്തിന് ധനകാര്യ വകുപ്പിൽ എന്തെങ്കിലും സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന നൂതന പദ്ധതികളുടെ നടപ്പാക്കൽ സംബന്ധിച്ച നിരീക്ഷണത്തിന് ധനകാര്യ വകുപ്പിൽ പ്രത്യേക സംവിധാനങ്ങളൊന്നും തന്നെ നിലവിലില്ല. എന്നാൽ 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ നിർവ്വഹണ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നിർവ്വഹണം സംബന്ധിച്ച അവലോകനം കാലാകാലം നടത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി നൂതന പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും, പല പദ്ധതികളും നടപ്പിലാക്കുകയും ചെയ്തി |
| (ബി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രഖ്യാപിച്ച നൂതന പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച് ധനകാര്യവകുപ്പിൽ ലഭ്യമായ സംക്ഷിപ്ത വിവരം വെളിപ്പെടുത്തുമോ? | |

| | | |
|---|---|---|
| | | ട്ടുണ്ട്. മറ്റു ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധിക്കാത്ത പദ്ധതികളുമുണ്ട്. വിവിധ ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2013–14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 196 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച സ്റ്റേറ്റുമെന്റ്**

| ക്രമ നമ്പർ | വകുപ്പ് | ആകെ പദ്ധതികൾ | ഭരണാനുമതി നൽകിയ പദ്ധതികൾ | ഭരണാനുമതി നൽകാത്ത പദ്ധതികൾ |
|---|---|---|---|---|
| 1 | ആരോഗ്യവും കുടുംബക്ഷേമവും | 28 | 18 | 10 |
| 2 | സഹകരണം | 8 | 3 | 5 |
| 3 | കൃഷി | 28 | 8 | 20 |
| 4 | ഭക്ഷ്യവും, പൊതുവിതരണവും | 6 | 2 | 4 |
| 5 | തൊഴിൽ | 11 | 7 | 4 |
| 6 | വ്യവസായം | 24 | 8 | 16 |
| 7 | ഉന്നത വിദ്യാഭ്യാസം | 22 | 12 | 10 |
| 8 | ശാസ്ത്ര സാങ്കേതികം | 6 | 5 | 1 |
| 9 | മത്സ്യ-തുറമുഖം | 6 | 4 | 2 |
| 10 | ഗതാഗതം | 9 | 3 | 6 |
| 11 | ഊർജ്ജം | 12 | 5 | 7 |
| 12 | റവന്യൂ | 2 | 0 | 2 |
| 13 | വിവര സാങ്കേതികം | 7 | 4 | 3 |
| 14 | പൊതു വിദ്യാഭ്യാസം | 1 | 0 | 1 |
| 15 | ജലവിഭവം | 22 | 11 | 11 |
| 16 | സാമൂഹ്യനീതി | 19 | 9 | 10 |
| 17 | പിന്നോക്ക ക്ഷേമം | 7 | 5 | 2 |
| 18 | പൊതു ഭരണം | 2 | 1 | 1 |
| 19 | പൊതുമരാമത്ത് | 27 | 8 | 19 |
| 20 | വിവര, പൊതുജന സമ്പർക്കം | 5 | 4 | 1 |
| 21 | ഭവനം | 6 | 4 | 2 |
| 22 | നോർക്ക | 3 | 3 | 0 |
| 23 | വനം, വന്യജീവി | 3 | 3 | 0 |
| 24 | സാംസ്ക്കാരികം | 20 | 13 | 7 |
| 25 | വിനോദസഞ്ചാരം | 8 | 4 | 4 |
| 26 | പരിസ്ഥിതി | 1 | 1 | 0 |
| 27 | പട്ടിക വർഗ്ഗ ക്ഷേമം | 7 | 5 | 2 |
| 28 | സ്പോർട്സ് | 1 |  | 1 |
| 29 | ആഭ്യന്തരം | 8 | 3 | 5 |
| 30 | ധനകാര്യം | 8 | 5 | 3 |
| 31 | നികുതി | 9 | 5 | 4 |
| 32 | യുവജന ക്ഷേമം | 2 | 2 | 0 |
| 33 | നിയമം | 5 | 4 | 1 |
| 34 | സിനിമ | 2 |  | 2 |
| 35 | കയർ | 3 | 2 | 1 |
| 36 | പട്ടിക ജാതി ക്ഷേമം | 2 |  | 2 |
| 37 | മ്യൂസിയവും, മൃഗശാലയും | 5 | 3 | 2 |
| 38 | രജിസ്ട്രേഷൻ | 5 | 5 | 0 |
| 39 | ക്ഷീര വികസനം | 6 | 4 | 2 |
| 40 | ഖാദി-ഗ്രാമ വ്യവസായം | 4 | 1 | 3 |
| 41 | ദേവസ്വം | 1 |  | 1 |
| 42 | ഹജ്ജ് തീർത്ഥാടനം | 1 |  | 1 |
| 43 | തദ്ദേശ സ്വയം ഭരണം (നഗരം) | 11 | 3 | 8 |
| 44 | തദ്ദേശ സ്വയം ഭരണം (ഗ്രാമം) | 6 | 3 | 3 |
| 45 | തദ്ദേശ സ്വയം ഭരണം (പഞ്ചായത്ത്) | 7 | 2 | 5 |
| 46 | ന്യൂനപക്ഷ ക്ഷേമം | 4 | 3 | 1 |
| 47 | അച്ചടിയും, സ്റ്റേഷനറിയും | 1 |  | 1 |
| 48 | ആസൂത്രണ സാമ്പത്തിക കാര്യം | 1 | 1 | 0 |
|  | ആകെ | 392 | 196 | 196 |

സെക്ഷൻ ഓഫീസർ